# ചിത്രോത്സവം

(വഞ്ചിപ്പാട്ട്)

2273
F 38/
E 381
SRI KRISHNAVILASAM

കെ. നീലകണ്ഠപ്പിള്ള.

# ശ്രീ ചിത്രോത്സവം

## വഞ്ചിപ്പാട്ട്.

ഗ്രന്ഥകർത്താ,

കെ. നീലകണ്ഠപ്പിള്ള.

പ്രകാശകൻ,

പി. കെ. മാധവൻപിള്ള.

ചന്ദ്രാപ്രസ്സ് & ബുക്ക്ഡിപ്പോ, ചാല, തിരുവനന്തപുരം

1113.

പകർപ്പവകാശം സ്വായത്തം]

[വില അണ 3.

ചന്ദ്രാപ്രസ്സ്, തിരുവനന്തപുരം.

ഒന്നാം പതിപ്പ കാപ്പി 1000.

1113.

# അഭിപ്രായം.

SRI KRISHNA VILASAM READING ROOM

മഹാരാജാമംഗളാശംസാരൂപമായ ഈ ചെറിയമണിപ്രവാളകൃതിയെ ആസ്വാദിച്ചാനന്ദിക്കാനല്ലാതെ അതിനേപ്പററി ഗുണദോഷനിരൂപണംചെയ്യാനുള്ള പാടവമോ പാണ്ഡിത്യമോ എനിക്കില്ല. ഇതുനാളും ഘടദീപംപോലെ കഴിഞ്ഞുകൂടിയ എൻെറ മാന്യസ്നേഹിതനായ ഗ്രന്ഥകാരൻ ഇപ്പോൾ ഭാഷാസാഹിത്യലോകത്തു അവതരിപ്പിച്ചിരിക്കുന്ന ഈ ചെറുകൃതിയ്ക്കു സ്വീകരിച്ചിരിക്കുന്നവിഷയംസവ്വജനീനമായ സമ്മതിയേഅഹിക്കുന്നഒന്നാണു്. നമ്മുടെ പൊന്നുതമ്പുരാൻെറ ഗുണപൌഷ്കല്യങ്ങളേഏതെല്ലാം തരത്തിലും ഏതെല്ലാംരീതിയിലും എത്രയെത്രതവണഗീതംചെയ്താലും രാജഭക്തന്മാരായനമുക്കു അലംഭാവമില്ല. ഈ കൃതിയിൽ കവിഇപ്രകാരമാണു് സമാധാനം ചെയ്തിരിക്കുന്നതു്:—

"ധാവള്യയശോനിധിയാം ഭൂവല്ലഭൻതന്നെവാഴ്ത്താൻ
ഭാവിച്ചതു സാഹസമാണെതുപോലെന്നാൽ
ആ വിഭാകരകിരണശ്രീവളത്തീടുവാനായി
ട്ടാവതോളമന്ധകാരം തുനിഞ്ഞപോലെ

............................................................ ..........

എന്നുവച്ചുമൌനംദീക്ഷിക്കുന്നതാണോയോഗ്യത ഞാൻ
പൊന്നുതിരുമേനിതൻെറനൽപ്രജയല്ലേ

പന്നഗാരി അനന്താന്തം തന്നിൽപറന്നീടുമ്പോഴീ
മന്നിലെങ്കിലും മശകംപറക്കുന്നില്ലേ?

.........................................................

നിമ്മായമായ്പുകഴ്ത്തേണം ചെമ്മേനന്ദിപൂണ്ടു വീണ്ടും
ചുമ്മാതിരിക്കാതെനാക്കു കഴയ്ക്കുംവരെ

ഈ പദ്യകൃതിയുടെ പ്രകടമായഗുണം അതിൽആദ്യന്തംശോഭിക്കുന്ന നിമ്മലമായ രാജഭക്തിയാണ്.

അത്ഥാലങ്കാരങ്ങളുടെ ബാഹുല്യംകൊണ്ടു് കാവ്യത്തിനെ പ്രൌഢമാക്കീട്ടില്ലെങ്കിൽ ലളിതമായ മണിപ്രവാളത്തിൽ ശബ്ദാലങ്കാരങ്ങൾകൊണ്ടു കൃതിയ്ക്കുമോടിപിടിപ്പിച്ചിട്ടുണ്ടു്. ഒരുവേളപണ്ഡിതന്മാക്ക് ആലോചനാമൃതമായിതീരത്തക്കവണ്ണമുള്ളഭാഗങ്ങൾ കുറവാണെങ്കിൽ പ്രജാഭൂരിപക്ഷത്തിൻെറ ആഹ്ലാദത്തിനപയ്യാപ്തമായ മഹാരാജ ഗുണകീത്തനങ്ങൾ ഈ കൃതിയിൽ ധാരാളമുണ്ടു്.

"സ്വച്ഛമായജലമിപ്പോൾ മച്ചിലും മാളികയിലും
പിച്ചക്കാരൻ തൻെറചെറു കുടിലിങ്കലും
മെച്ചമേറും രാജധാനി ഊട്ടുറോഡെന്നിവകളിൽ
സ്വേച്ഛപോലെ പ്രവഹിച്ചു ശുചിവരുത്തി
ഉച്ചനീചഭേദമില്ല സച്ചരിതക്കെന്നിതിനാൽ
നിശ്ചയിക്കാം നിശ്ചലമാം ജ്ഞാനമാണിതു്"

എന്നും,

"പാലനപരായണൻ ശ്രീബാലരാമവമ്മാഭിധൻ
പാലിക്കുമ്പോൾ നമുക്കുണ്ടോ കാലാദിദോഷം"

എന്നും,

"പണമില്ലാതെ തപിക്കും പ്രജകൾക്കുതണലായി
ട്ടുണ്ണനിവാരണനേമം നടപ്പിലാക്കി"

എന്നും,

"വീടുകൾ നടകൾനല്ല മേടകൾപീടികകളും
വാടികളെന്നല്ല വൃക്ഷച്ചോട്ടുകൾ കൂടി
ധാടിയോട്ട ചെയ്തു നല്ലോരാഡംബരങ്ങളാൽ സ്വർഗ്ഗ
മോടിക്കൂട്ടം വടിവൊട്ടുപാടെവിളങ്ങി"

എന്നും,

"ആഴിനാലുമാക്രമിച്ചോരൂഴിയെന്ന വിധം നാലു
ചൂഴവും നിന്നുജനങ്ങൾ കോട്ടയിൽപൂക്ക
പൂഴിവാരിവിതറിയാൽ താഴെവീഴാവിധമേററം
ഊഴിനിവാസികളെങ്ങും നിരന്നുനിന്നു"

എന്നും,

"ഊട്ടുപുരവാതലന്നു പൂട്ടിയതേയില്ലിങ്ങന്യ
നാട്ടിൽനിന്നും വന്നവിപ്രശ്രേഷ്ഠരൊട്ടാണോ?"

എന്നും,

"ജംഗമാജംഗമങ്ങളിലങ്ങു ജീവനായ് വിളങ്ങും
മംഗലരൂപനുഭേദമെങ്ങിനെയുണ്ടാം"

എന്നും,

"ആരണരും ചണ്ഡാലരും ഗോക്കൾ ശ്വാക്കൾദ്വിജങ്ങളും
കാരണപൂരുഷനെല്ലാം തുല്യമാകയാൽ"

എന്നും മററുമുള്ളമധുരമായ മണിപ്രവാളഭാഗങ്ങൾ കുട്ടികൾക്കു ഹൃദിസ്ഥമാക്കുന്നതിനുപോലും സുലഭമായരീതിയിൽ ലളിതമാക്കി ചെയ്തിരിക്കുന്നതു പ്രശംസാഹ്മായിരിക്കുന്നു. ഗ്രന്ഥകത്താവിൻെറ നിഷ്കളങ്കമായരാജഭക്തിയെ പ്രത്യക്ഷമാക്കുന്ന ഈ കൃതിയേത്തുടൎന്നു അനേകംകാവ്യങ്ങൾ ഉണ്ടാകണമെന്നുള്ള പ്രാത്ഥനയോടുകൂടി വിരമിച്ചുകൊള്ളുന്നു.

ശുഭംഭൂയാത്.

തുണ്ടത്തിൽ പി. വേലുപ്പിള്ള, ബീ. എ; ബീ. എൽ.

തിരുവനന്തപുരം.
113—ധനു—25-നു-

# അവതാരിക.

ആകൃതിയിൽ ചെറുതെങ്കിലും പ്രതിപാദ്യ വിഷയത്തിൻെറ മാഹാത്മ്യത്താൽ വലുതായ ഈ കാവ്യത്തെ സജ്ജനസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു അനല്പമായ ചാരിതാത്ഥ്യമുണ്ട്.

പ്രജാനാം വിനയാധാനാൽ
രക്ഷണാദ് ഭരണാദപി
സപിതാപിതരസ്താസാം
കേവലം ജന്മഹേതവ:

എന്നുള്ള കാളിദാസമഹാകവി പാടീട്ടുള്ളതു് വഞ്ചിരാജവംശത്തിലെ ഏതു മഹാരാജാവിനെ സംബന്ധിച്ചും പരമാത്ഥമായിരിക്കുന്നു. ശ്രീ ചിത്തിര തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടാകട്ടെ പ്രജാഹിതൈകതാനതയിൽ പുണ്യശ്ലോകന്മാരായ തൻെറ പൂർവികന്മാരെയെല്ലാം അതിശയിക്കുന്നു. ഇതിന്നിടയ്ക്കു വിശ്വവിഖ്യാതമായിത്തീന്നിട്ടുള്ള ക്ഷേത്രപ്രവേശവിളംബരം തിരുമേനിയുടെ മഹാമനസ്കതയ്ക്കും ഭൂതദയാപാരവശ്യത്തിനും ധമ്മനിഷ്ഠതയ്ക്കും മകുടോദാഹരണമായ്‌വിളങ്ങുന്നു. ഗൌതമബുദ്ധൻ തുടങ്ങിയ ലോകോദ്ധാരകന്മാരുടേയും ശ്രീശങ്കരൻ തുടങ്ങിയ സനാതനധമ്മസ്ഥാപകന്മാരുടേയും കൂട്ടത്തിൽ

തിരുമനസ്സിലേയ്ക്കും ശാശ്വതമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുക്കുന്നതിനു ഈ ഒരു മഹനീയകൃത്യം മതിയാവുന്നതാണു്. ഈ കവി ക്ഷേത്രത്തിൻേറയും ക്ഷേത്രപ്രവേശനത്തിൻേറയും അത്ഥത്തെപ്പററി എഴുതീട്ടുള്ള വരികൾ അത്യന്തഹൃദയാഗമമായിട്ടുണ്ടു്.

മിസ്റ്റർ നീലകണ്ഠപ്പിള്ള ഒരു കവിയശഃപ്രാത്ഥിയല്ല. രാജഭക്തിതരളിതമായ ഹൃദയത്തിൽനിന്നും സ്വയം വിനിഗ്ഗമിച്ച ഈ ഗാനത്തിൻെറ സ്വാരസ്യം അനപലപനീയമാണു്. എന്തെല്ലാം കാവ്യദോഷങ്ങൾ ഇതിൽ ഉണ്ടായിരുന്നാലും വിഷയമാഹാത്മ്യംകൊണ്ടെങ്കിലും ഇതിനു ചിരപ്രതിഷ്ഠ ലഭിക്കാതിരിക്കയില്ല. കവിക്കു സവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
27—7—1113.

എന്നു്,
ആർ. നാരായണപ്പണിക്കർ.

# മുഖവുര

പ്രായേണ സത്തുക്കൾ സ്വാത്ഥത്തെ പരിത്യജിച്ച് പരാത്ഥം പ്രയത്നിക്കുന്നവരായിട്ടാണെല്ലോ കാണുന്നതു്. വിശിഷ്യ, രാജഭക്തി പ്രസക്തനും ഭാഷാപോഷണ വിഷയത്തിൽ നിത്യനിരതനും നാനാഭാഷകളിൽ അഭിജ്ഞനും ആയ ശ്രീമാൻ, ആർ. നാരായണപണിക്കർ ബി. ഏ, എൽ. ററി. അവർകൾ, രാജഭക്തിയേയും എന്നിലുള്ള പ്രതിപത്തിയേയും അടിസ്ഥാനമാക്കി ഒഴിച്ചുവയ്യാൻ പാടില്ലാത്തതായ അദ്ദേഹത്തിൻെറ കൃത്യത്തിരക്കുകൾക്കിടയ്ക്കു് ഈ പുസ്തകത്തെ ആദ്യന്തം ശ്രദ്ധാപൂവ്വം പരിശോധിച്ചു ഒരു അവതാരിക എഴുതിതന്നതിലേയ്ക്കു അദ്ദേഹത്തോടും, പരോപകാരതല്പരനും ഹൌണി, ഗൈവ്വാണി, കൈരളി എന്നീ ഭാഷകളിൽ പ്രവീണനും രാജഭക്തോത്തമനും പരോല്കൃഷ്ടപ്രോത്സാഹിയമായ ശ്രീമാൻ, തുണ്ടത്തിൽ പി. വേലുപ്പിള്ള ബി. ഏ; ബി. എൽ. അവർകൾ ഈ പുസ്തകത്തെ പരിശോധിച്ചു ഒരു അഭിപ്രായം അയച്ചുതന്നതിലേയ്ക്കു അദ്ദേഹത്തോടും എനിക്കുള്ള അതിരററ സ്നേഹബഹുമാനാദികളെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻെറ ആവശ്യാനുസരണം ഈ പുസ്തകത്തിൻെറ അച്ചടി ഭംഗിയായി നിർവ്വഹിച്ചു തന്നതിലേയ്ക്കു ചന്ദ്രാപ്രസ്സ് ഉടമസ്ഥൻ ശ്രീമാൻ പി. കെ. മാധവൻപിള്ള അവർകളോടും ഞാൻ പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു.

പുത്തൻവീട്ട്,
8.5.1113.

ഗ്രന്ഥകർത്താ.

ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയിൻകീഴ്
2273
E-381

# ശ്രീ ചിത്രോത്സവം

## വഞ്ചിപ്പാട്ട്.

ഹരിഃ ശ്രീ ഗണപതയെനമഃ അവിഘ്നമസ്തു.
ശ്രീഗുരവേനമഃ ശ്രീവേദവ്യാസായനമഃ.

ഇന്ദിരാമന്ദിരനരവിന്ദനാഭനിന്ദുചൂഡ-
വന്ദിതൻവന്ദാരു വൃന്ദമന്ദാരദാരു.
ഇന്ദ്രനീലകളേബരൻ ചന്ദ്രികാസുന്ദരസ്മേരൻ
കുന്ദസൂനരദൻ മുചുകുന്ദമോക്ഷദൻ
തന്നുടെഭക്തരാം വഞ്ചിമന്നിടപാലരെക്കാത്തു
പൊന്നടിചേർത്താനന്ദത്തെ നിയതം നൽകി,
സ്യാനന്ദൂരപുരേവാഴമാനന്ദാലയൻ മുകുന്ദൻ
സാനന്ദം ദാസനാമെന്നിൽ കനിഞ്ഞിടട്ടേ.
ചിത്തിരനക്ഷത്രജാതൻ ചിത്തരമ്യകളേബരൻ
കൃത്യധർമ്മപ്രബോധകൻ ജയിച്ചീടുന്നു.
ഉത്തമപൂരുഷ! ഭവൽപത്തുകൾ പണിഞ്ഞുപരി-
ശുദ്ധിയോടുവിലസുന്ന ചിത്രാജാതനെ
അത്രവാഴ്ത്തിസ്തുതിക്കവാ നത്യാഗ്രഹമടിയനു-
ണ്ടൊത്തുയോഗമതിന്നെങ്കിൽ എത്ര ഭാഗ്യവാൻ!

ത്വൽപ്രസാദമണുമാത്ര മല്പനാമെന്നിലുണ്ടായാൽ
നിഷ്പ്രയാസം മമമോഹമൊക്കെയും സാദ്ധ്യം.

ത്വൽപ്പാദാബ്ജമതിനായി ട്ടെപ്പോഴുംഞാൻ പണിയുന്നേൻ
അല്പജ്ഞനായിട്ടുമെന്നെയനുഗ്രഹിക്ക.

ഹരവിരിഞ്ചാദികളും ഹരിഹരസുതൻ സ്കന്ദൻ
കരിമുഖനുമ രമ സരസ്വതിയും

ആദിത്യാദിഗ്രഹങ്ങളും ആദിതേയന്മാരുംവേദ-
വേദികളാമൃഷികളും ഭൂസുരന്മാരും

അഷ്ടദിക്പാലകന്മാരും ശിഷ്ടജനങ്ങളു മുപ-
ദേഷ്ടാക്കളാമാചാൎയ്യരും തുണചെയ്യേണം.

അതിനായിട്ടിവരെഞാൻ നതിചെയ്യുന്നാദരേണ
ഉദയാദിത്യാലയേശപാദംഭജേഹം.

അന്നദാതാവായീടുന്ന പൊന്നുതമ്പുരാനും മററു-
പൊന്നുതിരുമേനികളും തൃക്കുടുംബവും

മന്ദനാകുമടിയനെ യൊന്നനുഗ്രഹിപ്പാനായി
പൊന്നടികൾ താണുവീണു വണങ്ങുന്നിതാ.

ഒന്നുകൊണ്ടുമിതിന്നുഞാൻ യോഗ്യനല്ലെന്നിരിക്കിലും
എന്നുമുണ്ടിടുന്നചോററിൻ നന്ദികാട്ടേണം;

എന്നുമല്ലമഹീപതി തന്നെസ്തുതിക്കുന്നതത്രേ
മന്നിടവാസികൾക്കുള്ള മഹിതധൎമ്മം.

എൺപതിൽപരം സമകർ തമ്പുരാക്കന്മാരെസേവി-
ച്ചെൻപഴവരെത്രയോപേർ കാട്ടുമറഞ്ഞു!

എൻഭാഗ്യഹീനതയാലെ പൊൻപാദഭജനസുഖം
അൻപോടനുഭവിക്കുവാൻ സാദ്ധ്യമായില്ല.

ധാവള്യയശോനിധിയാം ഭൂവല്ലഭൻതന്നെ വാഴ്ത്താൻ
ഭാവിച്ചതു സാഹസമാണെന്നുപോലെന്നാൽ;

ആ വിഭാകരകിരണ ശ്രീവളർത്തിടുവാനായി-
ട്ടാവതോളമന്ധകാരം തുനിഞ്ഞപോലെ.

ഫണിവരശായിഭക്ത നൃപമണിതന്റെ ഗുണ-
ഗണങ്ങളെ വാഴ്ത്താനിവനെളുതോ പാർത്താൽ?

കനകമാമലചേർന്ന മനുജലോഭിതാനെന്തു
കനകത്തെയെടുത്തങ്ങു കരസ്ഥമാക്കും?

എന്നുവെച്ചു മൌനം ദീക്ഷിക്കുന്നതാണോ യോഗ്യതഞ്ഞാൻ
പൊന്നുതിരുമേനിതന്റെ നൽപ്രജയല്ലേ?

പന്നഗാരിയനന്താന്തം തന്നിൽ പറന്നിടുമ്പോഴീ-
മന്നിലെങ്കിലും മശകം പറക്കുന്നില്ലേ?

കായമുള്ള കാലത്തോളം മായമെന്യേ മന്നവനെ
ഭൂയോപി പുകഴ്ത്തവണം ഭൂരിമംഗളം

ആയതുമല്ലവരവർക്കായതു ചെയ്യുണമാരും
ആയാസം കുറയ്ക്കുന്നെന്തിനൊത്തതൊക്കട്ടെ.

ഗുണകരമായതെല്ലാം ഘൃണയോടെ ചെയ്തീടേണം
പണിപാരമുണ്ടെങ്കിലും പരുങ്ങിടാതെ.

തുണചെയ്യുമീശരനുമണയും വേണ്ടതൊക്കെയും
പണിചെയ്യോർക്കുണ്ടാം ഫലം പ്രസിദ്ധമല്ലേ?

ശ്രീനിവാസദാസനൃപ ശ്രീനിവാസാലയം പാർത്താൽ
ഭൂലോകനാകലോകമോ ശ്രീവൈകുണ്ഠമോ?

മുകരിക്കുദ്വാരമായിട്ടും ദ്വാരകാപുരമോ ഇതു
ശത്രുക്കൾക്കു ദുഷ്പ്രാപമാമയോദ്ധ്യതാനോ?

കേളിനാം സമൂഹസ്ഥാനമാകിയനൽ കൈലാസമോ?
ആലോകനംചെയ്യുന്നവർ തീച്ച്യയാക്കട്ടെ.

ഇന്ദിരാവിലാസലസന്മന്ദിരേവാണരുളുന്ന
ഇന്നര കൈരവാനന്ദ തുന്ദിലശശി

മന്ദാരദാരുസമാനൻ സുന്ദരശ്രീസുകുമാരൻ
ചന്ദ്രികാമന്ദസ്മിതാസ്യൻ നിന്ദിതമാരൻ

സവ്വശാസ്ത്രപാരംഗതൻ സാധുകമ്മസമാഹിതൻ
ദുവ്വിനീതമദാപഹൻ ദുവ്വാരവീര്യൻ

ദീനജനാവനശീലൻ ദാനവാരിപാദലോലൻ
ദാനധമ്മപരായണൻ മാനവനാഥൻ

സൂരികളാൽസ്തുതപാദൻ ആര്യജനസുസമ്മതൻ
കാരണകാര്യപ്രബോധൻ കാരുണ്യനിധി

സത്വങ്ങളിലാത്മഭാവൻ കൃത്യാകൃത്യവിവേചകൻ
ഭൃത്യജനാഭീഷ്ടപ്രദൻ നിത്യനിമ്മലൻ

ബ്രഹ്മചര്യാശ്രമവാസൻ ബ്രാഹ്മകമ്മണാപ്രഭാസൻ
ബ്രഹ്മവേദിസഹവാസൻ ചിന്മയദാസൻ

ഖ്യാതികൊണ്ടു ഖേചരേന്ദ്രൻ നീതികൊണ്ടു സീതാപതി
ഭൂതികൊണ്ടു ധനദനീ ഭൂമിപാലകൻ.

ഖ്യാതിനീതിഭൂതിയോടും പൂതമതിയാസ്ഥിളങ്ങും
ഭൂതലാധിപതിചിരം മേവണംഃമലും

സത്യംകൊണ്ടു ഹരിശ്ചന്ദ്രൻ, വിദ്യകൊണ്ടു വിധുസുതൻ,
നിത്യധമ്മംകൊണ്ടു ധമ്മപുത്രൻ പാത്ഥിപൻ,

ദാനത്താൽ ഭാർഗ്ഗവരാമൻ, ദയയാൽ ജീമൂതവാഹൻ
മാനത്താൽ മഹാബലിതാനീമഹീപാലൻ

ഉദ്ധവസദൃശനായോരുത്തമ സചിവൻതന്നെ
ഇദ്ധരാപാലനലബ്ധമായതോൎക്കുമ്പോൾ

ഇദ്ധരിത്രീനിവാസീനാം ചിത്തശുദ്ധിതന്നെ നൂനം
ബുദ്ധ്യാദിസാക്ഷിസ്വരൂപൻ പാലിക്കമെല്ലും

വീ-പീ-തൻെറവിയോഗാത്തി സീ-പീ-വന്നതിനാൽ
[തീൎന്നെ-
ന്നാർപ്പുവിളിച്ചാഘോഷിച്ചു മദിച്ചുലോകം.

സ്വപ്പ്തിദേശികൻ സാക്ഷാൽ ശിഷ്യതിയെന്നാണം സവ്
സൽപ്രജാപാലനധൎമ്മ മൊക്കെയുമോതി

ഇപ്രജാപരിപാലനം ശില്പമായ് നടത്തിക്കം സർ-
സീ-പീ-സാക്ഷാൽ രാമസ്വാമിമന്ത്രി സുമന്ത്രർ.

ഇപ്രകാരം നീതിയായിട്ടിപ്പാരഭരിപ്പിക്കം ശ്രീ-
വിപ്രവൎയ്യൻ ജയിക്കട്ടെ വളരെക്കാലം.

സത്യാഗ്രഹരൂപമായോരത്യാഗ്രഹബാധതന്നെ
സത്വരമീനാട്ടിൽനിന്നു ബഹിഷ്കരിപ്പാൻ

തത്വസൂക്ഷ്മഗ്രാഹിയായൊരുത്തമ മന്ത്രിയുമായി
ബുദ്ധിപൂൎവ്വമാലോചിച്ചു ചാൎത്തനിൎമ്മിച്ചു.

ക്ഷേത്രപ്രവേശനകൎമ്മം മാത്രം കൊണ്ടൊഴിഞ്ഞുപോകും
മൂൎത്തിബാധയെന്നുകണ്ടിട്ടെത്രയും വേഗം

മന്ത്രശാസ്ത്രവിശാരദ മന്ത്രിവൎയ്യൻതൻെറ സാര-
മന്ത്രതന്ത്രയന്ത്രാദിയാൽ ബാധയും തീൎത്തു

വിപ്ലവമൊഴിഞ്ഞു നാട്ടിലത്ഭുതമായ് സ്വാതന്ത്ര്യവും
സൽകീൎത്തിപതാകകളും ചലിച്ചിതെങ്ങും.

ക്ഷേത്രമെന്നാൽ ശരീരമാമതിൽപ്രവേശനമെന്നും
ചാൎത്തുകണ്ടാലുണ്ടാമൎത്ഥം വ്യക്തമായിട്ടു

മാനസാദികരണങ്ങൾ ബാഹ്യവിഷയങ്ങൾ വിട്ടു
ആനന്ദാത്മാവിൽപ്രവേശം ക്ഷേത്രപ്രവേശം.

ഹേ മന്നിടവാസികളെ നാമീന്നപാഭക്തരല്ലേ?
നാമെങ്ങിനെഭജിക്കുന്ന ഭക്തിയുമേത്

കണ്ടാലുടൻ തൊഴുതുകൈരണ്ടുംകെട്ടി വായുംപൊത്തി
മിണ്ടാതെദൂരത്തുമാറി വിറച്ചുനില്ക്കാം.

പണ്ടേതന്നെപഴവന്മാർ കൊണ്ടാടിക്കൊണ്ടു രക്ഷിപ്പാൻ
ഉണ്ടാക്കിയ ഭക്തിമാർഗ്ഗം പരമശുദ്ധം.

ഉത്തമമായുള്ള രാജഭക്തിമാർഗ്ഗമിവതന്നെ
എത്രയുമെളുപ്പമെല്ലോ നിർവഹിപ്പാനും

മദ്ധ്യമമാംഭക്തിമാർഗ്ഗമത്രചൊല്ലുന്നിതാ നിങ്ങൾ
ശ്രദ്ധയോടു കേട്ടുകൊൾവിൻ ശ്രേയസ്സുണ്ടാകും.

പലസംഗതികളുണ്ടു നലമേറും രാജഭക്തി
ഉലവില്ലാതെന്നും നമ്മിൽ നിലനില്പാനായ്

നിലയില്ലാതുള്ളൊരാപൽജ്ജലധിയിൽനിന്നും നമ്മെ
അലിവോടുകരകേററുമവനിപാലൻ.

കുലദൈവമാണെന്നാണും കളിയല്ലിങ്ങനുഭവ
ഫലങ്ങളെക്കൊണ്ടിന്നാർക്കും ഫലിതമല്ലേ?

തുലയില്ലാത്തിനാൽനാം കലയേറും ഭൂപൻതന്നെ
ഇളവുള്ളപ്പോഴൊക്കെയും സ്തുതിച്ചിടേണം.

മനസാവാചാകർമ്മണാ മനുജാധിപതി തന്നിൽ
വിനയഭക്ത്യാദരങ്ങൾ വിവിധംവേണം

നമ്മുടെനന്മക്കായിട്ടു ധാർമ്മികനാംധരാധിപ-
നിർമ്മഹിയിൽചെയ്യു സർവ്വ സമ്മതകാര്യം

നിർമ്മായമായ് പുകഴ്ത്തേണം ചെമ്മേനന്ദിപൂണ്ടുവീണ്ടും
ചുമ്മാതിരിക്കാതെ നാക്കു കഴയ്ക്കുംവരെ
കാരണാപൂരുഷൻ ലോകകാരണ നാരണവന്ദ്യൻ
ചാരണസേവിതനെന്നും പരം പ്രാർത്ഥിക്ക
ആരോഗ്യായുസ്സൌഖ്യാദികളേറിത്തൂവകൊല്ലം കൂടി
പാരിടംപാലിപ്പാൻ ചിത്ര-താരസംജാതൻ
വഴിവാട്ടുകളും നമ്മൾ വഴിപോലെ കഴിക്കേണം
കഴിയുന്നവിധം ഭൂപാഭ്യുദയത്തിനായ്.
അഴലേറിയമരുന്നോരഗതികൾക്കന്നദാനം
അഴിവില്ലാത്തദാനമാണതും ചെയ്യേണം.
ആരുംപാപകർമ്മങ്ങളെ ചെയ്യരുതതുനമുക്കും
പാരിൽപാലനമാപൽക്കാരണമാകും
ഘോരപാപംനിജനാട്ടിലാരുചെയ്താലുമതിന്റെ
ആറിലൊന്നുരാജാവിനെന്നോതുന്നുശാസ്ത്രം.
ചിന്തിതങ്ങൾ ചിതമോടു സംധിപ്പിച്ചു സദൃശംപോൽ
ബന്ധനങ്ങളൊഴിച്ചുസ്വാതന്ത്ര്യവും നൾകി,
സന്തതികളായ നാട്ടാർ സന്തതികളെസ്സദയം
സന്തതംപാലിക്കുമിളാ കാന്തനീനമ്മാൽ
എന്തുചെയ്യാൻകഴിയുമിന്നെന്തുചെയ്താൽ സന്തോഷിക്കും
സന്തതാനന്ദനമല്ലേ തൻതിരുവടി?
അന്തമില്ലവിചാരിച്ചാലന്തരംഗേ ഭക്തിയോടും
ബന്ധുരമായ്സ്തുതിക്കാംദീന ബന്ധുഭൂപനെ.
ഉന്നതപരിഷ്കാരങ്ങൾ തന്നുടെ നാട്ടിൽനടപ്പാ-
ക്കുന്നതിന്നു നിശ്ചയിച്ചു നിസ്തുലമോദാ

അന്യരാജ്യങ്ങളിലെഴുന്നള്ളിസ്സവ് സംപൂജ്യനായ്
തന്നഭിമതാനുകൂല സാരകാര്യങ്ങൾ

ഒക്കവേഗ്രഹിച്ചു തിരിച്ചെഴുന്നള്ളി നിജനാട്ടാ-
ക്കിക്കാണും പരിഷ്കാരങ്ങൾ നടപ്പിലാക്കി

സന്മാർഗ്ഗസഞ്ചാരംകൊണ്ടു ധർമ്മാർത്ഥകാമങ്ങളാക്കം
ചെമ്മേ സേവിച്ചീട്ടമെന്ന സമ്മതസാരം

ഇമ്മഹീനിവാസികൾക്കു സമ്മതമാകും വിധത്തിൽ
സന്മാർഗ്ഗങ്ങൾ നിർമ്മിച്ചിതാ നടന്നുകൊൾവിൻ

അന്തരിക്ഷേ ചരിപ്പാനു മെന്തെളുപ്പ മേറോപ്ളെൻ,
ചന്തമായ് തലയ്ക്കുമീതേ പറക്കുന്നില്ലേ?

ബന്ധമേതുംകൂടാതെങ്ങും സന്തതം സഞ്ചരിക്കുവാൻ
ബന്ധുരമാർഗ്ഗങ്ങൾ നമുക്കെത്രനിർമ്മിച്ചു!

കാഞ്ചനംകി കഴിഞ്ഞാലു മാശതീരത്തക്കവണ്ണം
ഹാ! ശുചിയാം പാനീയം മുമ്പാരും നൾകില്ല

ആ ശോകപരിഹാരത്തെ ആശ്ശുറൌണിൽ നടപ്പാക്കി
ലേശവുമില്ല്യാതെയാക്കി ജലദാരിദ്ര്യം.

സാഫല്യമായ ജലമിപ്പോൾ മച്ചിലും മാളികയിലും
പിച്ചക്കാരൻ തൻെറചെറു കുടിയിങ്കലും

മെച്ചമെഴും രാജധാനി ഊട്ടരോഡ്ഡെന്നിവകളിൽ
സ്വേഛപോലെ പ്രവഹിച്ചു ശുചിവരുത്തി.

ഉച്ചനീചഭേദമില്ല സൽചരിതക്കെന്നിതിനാൽ
നിശ്ചയിക്കാം നിശ്ചലമാം ജ്ഞാനമാണിതു്

കാലദേശാവസ്ഥാദികൾ മൂലമേതും ബാധകൂടാ-
താലയങ്ങൾതോറും ജലം ലഭിച്ചീടുന്നു

പാലനപരായണൻ ശ്രീബാലരാമവൎമ്മാധിപൻ
പാലിക്കുമ്പോൾ നമുക്കുണ്ടോ കാലാദിദോഷം?

ജന്മവസ്തുക്കൾക്കുകരം സമ്മതിച്ചാധാരംവാങ്ങും
അമ്മുറകൾ ധൎമ്മമല്ലാത്തതിനാൽനിൎത്തി

ജന്മികുടിയാനവന്മാർ തമ്മിലുള്ളദുൎമ്മത്സരം
ഉന്മൂലനംചെയ്തുസൎവ്വ സമ്മതമിതു.

പാങ്ങൊട്ടുമില്ലാതെദൈവം താങ്ങട്ടെയെന്നുറച്ചോൎക്കു
പാങ്ങോട്ടൊരുപട്ടാളത്തെ കൂട്ടതൽചേൎത്തു

ശാൎങ്ഗവരായുധൻഭൂപ പാങ്ങായ്നിന്നരുളീടുമ്പോൾ
പാങ്ങില്ലാതെപ്പരുങ്ങേണ്ട പ്രജകളാംനാം.

ഋണബാധബാധിക്കയാൽ ഗുണമുള്ളജനങ്ങളും
തൃണപ്രായമായതോൎത്തുതിരുമനസ്സിൽ

പണമില്ലാതെതപിക്കും പ്രജകൾക്കു തണലായി
ഋണനിവാരണനേമം നടപ്പിലാക്കി.

നികുതികൾ പാവപ്പെട്ട പകുതിക്കാരോടുപോലും
ശകലം ദാക്ഷിണ്യമെന്യേ പിരിച്ചീടുന്നു.

അഗതികളോടുംഗേഹ നികുതികൾ വാങ്ങിക്കുന്നു
വിഹിതമോയിവ നീതി രഹിതമല്ലേ?

ഇതിയോതുന്നവരുടെ മതിയിൽ തേറുവാനായി
ഋതമായ കാൎയ്യമൊന്നു കഥിച്ചീടുന്നേൻ.

ഉദധിപൎയ്യന്തമുള്ളോ രുദകസ്ഥാനങ്ങളിൽ നി-
ന്നുദകമാകൎഷിക്കുന്ന രവിയൊരിക്കൽ

അതിലുമെത്രയോശതം അധികമായിട്ടുജലം
ക്ഷിതിതന്നിൽ തിരിച്ചേകുന്നതുധരിപ്പിൻ

അതുപോലാരില്ലംനിന്നു മിതമായകരാവാങ്ങ-
ന്നതിലെന്തുചേതം ഗുണമവൎക്കതന്നെ.

കരബ്രണം കാണുവാനായ് മുകുരത്തിൻ തുണവേണോ
കർംകുറച്ചതു നമുക്കറിവില്ലയോ?

ഇടവഴിയാദിയായ് ദുർഘടവഴികളൊക്കെയും
ഉടകല്ലിട്ടിടിപ്പിച്ചു വെടിപ്പുമാക്കി

കുടിലുകൾ കെട്ടിപാൎപ്പാനടവികൾ പാവപ്പെട്ട
കുടികൾക്കു പതിച്ചേകി കുടിപാർപ്പുമായ്.

പലപരിഷ്കാരങ്ങളും നലമോടുചെയ്തുനാട്ടിൽ
ഫലപൂൎത്തികീൎത്തിയിവ വളൎത്തിനിത്യം

നിലനിൎത്തിക്ഷേമത്തെ യിങ്ങഴലേകും ക്ഷാമത്തെഭ്ര-
വലവൈരിനിജനാട്ടിൻ വെളിക്കുമാക്കി.

മറകളോതിത്തെളിഞ്ഞ മറയവരോടുംകൂടി
മുറജപമൊന്നു കഴിച്ചൊഴിച്ചഘൌഘം.

മുറതോറും ദക്ഷിണയും നിറവേറും ഭക്ഷണവും
മുറപോലെനൽകിയവർ വരവുമേകി.

ലക്ഷദീപംകഴിച്ചാശുശുക്ഷണിദേവപ്രസാദം
അക്ഷണംവരിച്ചുലോക രക്ഷയ്ക്കായിട്ടു

പക്ഷിനാഥരഥപാദം, ഭദ്രദീപം, ലക്ഷദീപം,
ഇക്ഷിതിപൻ, ഇവനാലും പുരുഷാൎത്ഥങ്ങൾ

കുലദൈവം പത്മനാഭൻ വലവൈരിനരപതി
പലവിധദാനങ്ങൾതാൻ സുരതരുവും

സുധപത്മനാഭൻതൻെറ കൃപതന്നെ, രാജധാനി-
സുധൎമ്മയാം സഭ, ജീവൻ സചിവവൎയ്യൻ,

ഏവംചിതമാഹാത്മ്യങ്ങളാവിർ ഭൂതമാകയാലെ
ശ്രീവഞ്ചിക്ഷിതിമഹിത ത്രിദിവംതന്നെ

ഈവണ്ണമൈശ്വൎയ്യമോടു ഭുവിണ്ണോർവരൻ ഭരിപ്പാൻ
കാർവ്വർണ്ണൻ കടാക്ഷിക്കട്ടെ കാലിണതൊഴാം.

നീട്ടയച്ചു വേദവിദാം ശ്രേഷ്ഠരെവരുത്തിവേണ്ടു
മാദ്ധ്യകൎമ്മങ്ങളെമുമ്പിൽ കൂട്ടിചെയ്യിച്ചു

നാട്ടിലുള്ളവിപ്രന്മാൎക്കൂട്ടിൽസദ്യ മുമ്പേതന്നെ
നാടധീശൻ നടത്തിച്ചു ദക്ഷിണയോടും

കുലഫല പകപാദിയാം പലകോപ്പുകളുമോരോ-
മലകൾപോലെങ്ങും കൂട്ടിക്കലവറയിൽ.

അലിവോലും നൃപനവ മതിയോയെന്നീക്ഷിക്കുവാൻ
കലവറപുക്കുകണ്ടു കലാവരിഷ്ഠൻ

നിജസുഖങ്ങളെപ്പോലും പ്രജകൾക്കായുപേക്ഷിക്കും
പ്രജാപതി സാക്ഷാൽ ക്ഷിതിപതിവിതക്കം

സചിവരിൽ ശേഷംകാൎയ്യം സമൎപ്പിച്ചു സസന്തോഷം
സുജനസേവിതൻപുക്കു നിജസദനം

ഭിക്ഷാംദേഹികളായ് ബഹു ഭക്ഷണലോലുപന്മാരായ്
ഇക്ഷിതിയിൽ ചരിക്കുന്ന സാധുക്കൾക്കൊക്കെ

പക്ഷഭേദം കൂടാതെനൽ ഭക്ഷണം നൾകുവാനായി
ദക്ഷതയതിലുള്ളോരെ തൽക്ഷണമാക്കി.

ഇത്തിരുനാൾ സംബന്ധമായെത്രയു മാഘോഷത്തോടു
പുത്തൻകച്ചേരിയിൽവെച്ചു നടത്തിഡർബാർ

രാത്രിയിലായതുകൊണ്ടു നേത്രാനന്ദ മത്യധികം
ചേൎത്തുകാണികൾക്കിക്കാഴ്ച കാണേണ്ടതാണ്

നേരത്തെഡർബാറുഹാളും ചാരത്തുള്ളസ്ഥലങ്ങളും
ചാരുത്വമായലങ്കരിച്ചേറെത്തിളങ്ങി

താരിൽത്തന്വീന്ദ്രത്തരംഗ മാമിപ്പുരിപേർത്തുമലം-
കാരത്താൽ രശ്മിപതിഞ്ഞ ചാരുരത്നമായ്.

കച്ചേരിവളപ്പിൽപ്പെട്ട പശ്ചിമഭാഗം മുഴുക്കെ
മെച്ചമായലങ്കരിച്ചു സ്വച്ഛതയാക്കി.

പച്ചപ്പട്ടുവിരിച്ചപോൽ പച്ചപ്പെട്ടൊരിസ്ഥലത്തിൻ
പുറപ്പാട്ടിൽ തിങ്ങിനില്ക്കും ചെടികൾകണ്ടാൽ

ഇസ്ഥലരക്ഷികളെന്നു നിശ്ചയിക്കാമിവയുടെ
നിശ്ചലമായനിലയും നിരപ്പുംപാർത്താൽ.

അച്ഛേദ്യമാം ഭൂപാജ്ഞകളാശ്ചര്യമചരങ്ങളും
തീർച്ചയായ് നിർവ്വഹിക്കു മെന്നിതിനാലത്ഥം.

സ്വതേതന്നെസ്വർഗ്ഗവാടിക്കെതിരായി ശോഭിക്കുന്ന
ക്ഷിതൌനില്ക്കും സാലങ്ങളിൽ നൃപയശസ്സാം

ലതകൾചുററിപ്പടൻ പുതുതായി പൂത്തുനില്ക്കു-
ന്നതുപോൽദീപാവലികൾ വിളങ്ങിയെങ്ങും

തെക്കേത്തെരുവുതുടങ്ങി യക്കവെടിയാർകുന്നോളം
ദീർഘമെഴും രാജപാദയ്ക്കിരുവശത്തും

പൊക്കത്തിൽശോഭിക്കുംദീപ വർഗ്ഗത്തെപാർത്തീടിൽനവ-
രത്നങ്ങൾകോർത്ത നെടിയ മാലതാൻദൃഢം.

എങ്ങുനോക്കിയാലുംദീപ വൃന്ദവുംനൃപാലചിഹ്ന
രംഗമാം പതാകകളും വിളങ്ങിക്കാണായ്.

അംഗജാതതാതപാദമംഗല ചിഹ്നങ്ങൾഭൂപൻ
ഭംഗിയേറും ചിഹ്നങ്ങളായ് പരിഗ്രഹിച്ചു

ഏതവസ്ഥയിലുംഭക്തി ചേതനയിലുദിപ്പാൻതൽ-
പാദചിഹ്നധ്യാനംതന്നെ പാവനമെന്നു

സാധുജനബോധത്തിനായ് ശംഖചക്രപതാകാദി
സാധനങ്ങളെങ്ങുംകാണ്മാൻ സാധിതമാക്കി.

ഭൃത്തിയെഴുംഹാളിൻമുഖ ഭൃതലേദരകരികൾ
ആർ- വി- എന്നചിഹ്നങ്ങളാ മാകൃതികാണ്മിൻ

ഏതുചെയ്തുംപ്രജകളെ പ്രീതരാക്കിപാലിക്കുന്ന
നീതിനയാദിനിലയൻ നെടുനാൾവാഴ്ക!

മുൻപന്മാരാമുദ്യോഗസ്ഥർ തൻപ്രണയിനിമാരോടും
മുമ്പെതന്നെഹാളിൽവന്നു നിരന്നിരുന്നു.

സംപ്രീതിപൂർവ്വകംകൊച്ചു തമ്പുരാൻതിരുമനസ്സും
തൻപ്രിയസ്യാലൻ സചിവവര്യനെന്നിവർ

ഹാളിനകത്താവേശിച്ചു കാളുകാന്തികലർന്നതാം
ആസനങ്ങളിലിരുന്നാരുചിതംപോലെ.

മൂന്നുലോകത്തിനുമെന്നുമൂന്നായപത്മനാഭൻെറ
ഒന്നാമുത്സവത്തിനെഴുന്നള്ളിവന്ദിച്ചു

ധന്യമായതൽപ്രസാദം തൻമൌലിയിൽ ചാർത്തിഭക്ത്യാ
സന്നിലയേ തിരിച്ചെഴുന്നള്ളിമന്നവൻ

രാജചിഹ്നങ്ങളഖില വാദിത്രസൈന്യസഹിതം
രാജാവല്ലിലെന്നപോലെ രാജശേഖരൻ

വാജികളാറുപൂട്ടിയ തേജോമയരഥംതന്നിൽ
രാജിതനായ് മന്ദംമന്ദ മെഴുന്നള്ളിനാൻ.

സർവ്വസേനാധിപചിഹ്നം സർവ്വമലങ്കരിച്ചോ-
രുവീശ്വരൻ തന്നെക്കണ്ടു കാണികളെല്ലാം

ശവ്സുതൻ സേനാനിയോ ദിവ്യനായ ശ്വേതാശ്വനോ
സർവ്വംസഹാവരനെന്നു സംശയിച്ചഹോ

ക്രൂട്ടംകൌതുകേന ചെന്നുകൂടിക്കാഴ്ചമുറിയുടെ
മോടിചേൎന്നദ്വാരത്തിങ്കൽ രഥംനിറുത്തി.

ശുദ്ധഭക്ത്യാദരത്തോടു കൂടെകൊച്ചുതമ്പുരാനും
പ്രൌഢമതികളുമായി ട്ടെതിരേററിട്ടു്

ഹാളിലാനയിപ്പിച്ചത്ര മേളമാൎന്നിരുന്ന നല്ലോ-
രാളുകളുത്ഥാനംചെയ്തു താണുവണങ്ങി.

ആലംബഭൃതൻ കൃപയാലാലോകനപുരസ്സരം
ചാലേസംഭാവനംചെയ്തു സമസ്തരേയും

സ്വൎണ്ണസിംഹാസനേനൃപൻ സ്വൎണ്ണാസനേ തന്നനുജൻ
വൎണ്ണാസനങ്ങളിൽവാണു മററുധന്യരും.

വിണ്ണിലങ്ങു വിണ്ണോരുമായ്ചിണ്ണോർവരൻ വാഴുംവണ്ണം
പൂൎണ്ണശോഭാപ്രശോഭിച്ചു പുണ്യഭൂപനും.
നാനാവാദിത്രങ്ങളെങ്ങു മൂനമെന്നിയെമുഴങ്ങി
ധ്വാനമേറും വെടികളും തുടരെക്കേട്ടു.

ആനന്ദദായകംധൎമ്മചാരീവൎണ്ണംനടത്തി രാജ-
ധാനിതന്നിലെഴുന്നള്ളിവാണുസസുഖം.

വഞ്ചീശവംശാംബുരാശി സംജാതകലാകലാപൻ
തഞ്ചാരുജന്മർക്ഷമാകും ജ്യോത്സ്നാപ്രപഞ്ചം

വഞ്ചിരാജ്യനിവാസികളാഞ്ചകോരസഞ്ചയത്തിൻ
നെഞ്ചകങ്ങൾകുളുൎപ്പിച്ചു നളിനങ്ങൾകട്ടെ.

വീഥികളും നിജപുരവാതിലുകളും ജനങ്ങൾ
വീതംവീതം വീതഖേദം വിതാനിച്ചിതു

നീതിനയദയാദികൾക്കാധാരമാം ധരാധിപ
ഖ്യാതിക്കേവമാവതാരും ചെയ്യതാവശ്യം.

പൊക്കത്തിൽമുളകൾനാട്ടി മാൎഗ്ഗത്തെവിതാനിച്ചിരു-
പക്കത്തിൽകുലവാഴകൾ വക്കത്തായ്കെട്ടി

സ്വൎഗ്ഗത്തിലുമിതിനൊത്ത മാൎഗ്ഗത്തെദർശിപ്പാൻപോലും
ഒക്കത്തില്ലെന്നോതുന്നതിൽ തക്കമേയില്ല.

ആററുമണൽവിരിച്ചാദ്യ മേററംവെണ്മയെഴുംമണൽ
തൂററിയതിന്മീതെ ഈൎച്ചയും ഓട്ടിലെന്നപോൽ,

പോററും പൊന്നുതമ്പുരാൻെറ ഊററമാമുത്സവനട-
മാററുവിരിച്ചിരിക്കതാൻ മാററമെന്തിതിൽ?

തുംഗമായ സ്ഥാനങ്ങളിൽ സംഗതമാം പതാകകൾ
അങ്ങുമിങ്ങും ചലിക്കുന്നു ഭംഗമെന്നിയേ.

പൊങ്ങുന്നതുപരമാക്കും ഭംഗിയല്ലചലനത്വം
അങ്ങുളവാമെന്നിതിനാൽ ഗ്രഹിക്കവേണം.

വീട്ടുകൾ നടകൾനല്ല മേടകൾ പീടികകളും
വാടികളെന്നല്ല വൃക്ഷച്ചോട്ടുകൾക്കൂടി

ധാടിയോടുചെയ്യുന്നല്ലോരാഡംബരങ്ങളാൽ സ്വൎഗ്ഗ-
മോടിക്കൂട്ടുംവടിവോടു പാടേവിളങ്ങി.

പട്ടണപ്രവേശംകാണ്മാൻ തുഷ്ടിയോടുനാമനന്ത-
പട്ടണത്തിൽ പററീടണം എട്ടടിക്കുംമുൻ

എട്ടണയെങ്കിലും കയ്യിൽ കിട്ടാതെപുറപ്പെട്ടെന്നാൽ
പട്ടിണിക്കും തരമാകും തുഷ്ടിയുമില്ല

കെട്ടണം കുലവാഴകൾ നഷ്ടമില്ലാതിവിടെത്താൻ
കിട്ടണമതിനുപണമെത്രയോനന്നാകാം

തുട്ടധികമുള്ളോരേവം വട്ടംക്രൂടിയിരിക്കുന്നു-
ണ്ടൊട്ടധികം വാങ്ങാംപണമവരിൽനിന്നു്

വെട്ടണംകുലവാഴകൾ പററണം കോട്ടയ്ക്കകത്തു്
ഒട്ടുമേതാമമ്പിക്കേണ്ട പെട്ടെന്നുപോകാം

ഇപ്രകാരമവരവർ തൽപ്രിയങ്ങളോരോവിധം
ജല്പിച്ചും സാധിച്ചുംക്ഷിപ്ര മിപ്പുരിപുക്ക

ആയിരത്തിന്തുററിപതിമ്മൂന്നതുലാം പതിന്നേഴാം
തീയതിയുംവന്നുലോകം മോദവുമാന്നു

ആയതാനന്ദമിയന്നിങ്ങന്യനാട്ടുകളിൽ നിന്നും
ആബാലവൃദ്ധംജനങ്ങളാഗതരായി

പട്ടണവാസികളെല്ലാം പട്ടിണികിടന്നും മുമ്പെ
പട്ടണവീഥിയിൽപററി പൊരുതിയുമായ്

പട്ടണിഞ്ഞുപൊട്ടുമിട്ടു കുട്ടികളെയുമെടുത്തു
മട്ടൊഴുകുംവാണിമാരും കൂട്ടമാൎന്നു.

ആഴിനാലുമാക്രമിച്ചോ രൂഴിയെന്നവിധം നാലു-
ചൂഴവുംനിന്നുജനങ്ങൾ കോട്ടയിൽപുക്കു

പൂഴിവാരിവിതറിയാൽ താഴെവീഴാവിധമേററം
ഊഴിനിവാസികളെങ്ങും നിരന്നുനിന്നു.

പൊങ്ങുംരാജഭക്തിരസേ മുങ്ങിപ്പൊങ്ങിയെങ്ങുമിട
തിങ്ങിനില്ക്കും ജനങ്ങളും മംഗലമത്യാ

തുംഗാനുഭാവനൃപാല പുംഗവസൂൎയ്യോദയത്തെ
അങ്ങുകാത്തുനിന്നാരരവിന്ദങ്ങൾപോലെ.

ധാൎമ്മികൻധനാധിനാഥ സാമ്യനാകുംധരാവരൻ
ബ്രാഹ്മമുഹൂൎത്തത്തിൽ പള്ളിക്കുറിപ്പുണൎന്നു

ബ്രഹ്മചര്യാശ്രമീനിത്യകർമ്മങ്ങൾ സർവവുംഭക്ത്യാ
ബ്രഹ്മാർപ്പണമായിച്ചെയ്തു നിഷ്കാമകർമ്മി.

വേൽവടിവോടെന്തുംദേവ വേലായുധവരവന്ദ്യ
ചേവടിസേവകൻദേവ പാദപോപമൻ

കാവടികൾ കെട്ടിച്ചുള്ളൂർ കോവിലിലയച്ചുവേഗം
ഭൂവരനെഴുന്നള്ളി ശ്രീഭൂവരംതൊഴാൻ

നാളീകാസനാദിസുര പാളികളാൽ വന്ദ്യശോണ
നാളീകപാദംപണിഞ്ഞു പരമഭക്ത്യാ

നാളീകനയനംമനോ നാളീകത്തിൽചേർത്തുചേർത്തും
നാളീകനാഭംസ്തുതിച്ചു പുളകാംഗനായ്

പട്ടുപട്ടുക്കരകളും പുഷ്പഭക്ത്യാനടയ്ക്കുവെ -
ച്ചിട്ടുകാണിക്കയും ഗുണോ ല്ലഹർഷിതൻ.

വിഷ്ടരശ്രവസ്സിൽകൃപാദൃഷ്ടി തുഷ്ടിയിവകിട്ടാൻ
കെട്ടിവെച്ചുനമസ്കാരമതും കഴിച്ചു

നരവരനേവംവിധം നരഹരിമൂർത്തിയേയും
നരസഖികൃഷ്ണൻതിരു ചരണത്തേയും

നിരവധികാദരത്തോടുരുതരം വണങ്ങീട്ടു
വരപ്രസാദവുംവാങ്ങി ധരിച്ചുഭക്ത്യാ

പാലാഴിയിൽചെന്നുനിജ മാലൊഴിച്ചമരരോടും
കോലാഹലമെഴുന്നെള്ളും വലവൈരിപോൽ

നീലനീരദനിഭനാൽ ചാലെയനുഗ്രഹീതനാം
ഭൂലാളതൻ ഭൂസുരരുമായെഴുന്നെള്ളി

സുരഗുരുസമന്മാരാം ഗുരുഭൂതന്മാർക്കുംമററും
ധരാസുരവരന്മാർക്കും ഉരുദാനങ്ങൾ

പരിചിൽചെയ്യുവരോട്ടു പരമാശീർവാദംവാങ്ങി
പുരുപുണ്യശീലൻഭൂപൻ പരിശോഭിച്ചു.

തിരുമുടിക്കലെശവും തിരുവടി ആടി അഘം
അഖിലവും പോക്കിപരം പരിശുദ്ധനായ്

തിരുവാഭരണങ്ങളും പരുവട്ടങ്ങളും പൊന്നു-
തിരുമേനിതന്നിൽചാർത്തിപ്പരമഭംഗ്യാ

വെള്ളവട്ടക്കുടകളും പുള്ളിപ്പട്ടുക്കുടകളും
വെള്ള, പച്ച, മഞ്ഞ, ചുമപ്പീ നിറങ്ങളെ

വെല്ലുംകൊടിതഴകളും ആലവട്ടം ചാമരമെ-
ന്നുള്ളതൊക്കെപറയുവാ നില്ലസാമർത്ഥ്യം

നാഗസ്വരമാദിയായ നാനാവാദ്യനിരകളും
രാഗമാർന്നുള്ളവാദ്യം കുഴലുകളും

നാകികൾവാദിത്രങ്ങളെ യാകവെജയിക്കും ബാൻറും
ആകർണ്ണനംചെയ്യാൻസുഖമേറും തമ്പേറും

അമ്പാരികൾകെട്ടിനില്ക്കും കൊമ്പനാനത്തലവരും
വൻപുക്കുട്ടം വാജിപാദ സൈന്യനിരയും

തമ്പിമാരുമുദ്യോഗത്തിൻ മുമ്പന്മാരും നാട്ടുകാരാം
സമ്പന്നരും വക്കീൽപണി സമ്പാദിച്ചോരും

വേല് വാലാക്കഴക്കാരും വെള്ളിത്തടിക്കാരും മററു
സേവകന്മാർ കഞ്ചുകികളേവമാദിയാം

രാജചിഹ്നങ്ങളോടൊത്തപ്പട്ടണപ്രവേശം ചെയ്വാൻ
രാജരാജൻ രാജിച്ചു വിഭ്രാജദ്രൂപനെ

ഭീരംഗമെന്നുള്ളനാമം പീരങ്കിയായ് തീന്നതിൻെറ
ഭീകരവമനധ്വാനം ധ്വനിച്ചിതെങ്ങും

കാറൊട്ടുക്രുട്ടമിടികളാകാശേ മുഴങ്ങുംവണ്ണം
പാരിടംമുഴങ്ങിയെണ്ണം തീരു-വരേയ്ക്കും.

അണിനിരന്നുള്ളസേനാ ഗണമുപചാരപൂർവം
അണിവെടികളുംവെച്ചു ചുണയോടപ്പോൾ

ഫണിപതിശയനൻെറ കൃപാപാത്രമാകുംഭൂപ-
മണിഗുണാലയൻ പ്രദക്ഷിണമായ്യുന്നു.

അമ്മനെവന്ദിച്ചു പിന്നീടങ്ങുനാ നന്ദനനേയും
സമ്മതിസാദരംക്രൂപ്പി നമ്രതയോടേ

ബ്രഹ്മമായശ്രീവരാഹ സന്മൂത്തിയെ വണങ്ങിപ്പോയ്
അംബികാദിയേവണങ്ങി ചിന്മയദാസൻ.

ഹരിഹരസുതനേയു മരചൻവന്ദിച്ചുപും-
ഹരംപരം ശ്രീകണ്ഠേശം പരിചിൽക്രൂപ്പി

ധരാസുതവരം രഘുവരം സുരവൈരിഹരം
നരേശ്വരം വന്ദിച്ചഥ ധരേശ്വരൻപോയ്

പത്മതീത്ഥക്കരെവാഴും പത്മബാണ വൈരിപാദ-
പത്മങ്ങൾംപണിഞ്ഞു നിജപത്തനമാൻ

ഉദ്യോഗസ്ഥർ സേവകന്മാരുദ്ധതസൈന്യങ്ങളിവർ
അത്രവന്ദിച്ചനുജ്ഞയാ തിരിച്ചുവേഗം

അന്തഃപുരംപ്രവേശിച്ചു ബന്ധുജനാദികളുമായ്
അന്തമ്മോദമമൃതേത്തും കഴിച്ചുപിന്നെ

ചിന്തിതദായകൻനിജ മന്ത്രിയുമായ് ശേഷംകാര്യം
ചിന്തനംചെയ്തുവസിച്ചു ബന്ധുരരൂപൻ.

നാനാവിഭവങ്ങളോടും നാനാജനങ്ങൾക്കമന്നം
ഊനമെന്യേകൊടുപ്പിച്ചാരധികൃതന്മാർ.

പാനഭക്ഷ്യാദികൾകൊണ്ടു പീനകുക്ഷികളായവർ
ദീനരക്ഷകനാംനൃപം മേനിയിൽവാഴ്ത്തി

അന്നദാതാവേ! നിഖിലമന്നവമാഗ്ഗനേതാവേ!
ഖിന്നജനാവനരതാനെന്തുന്ദിലാ!

ഭിന്നമതക്കാരാംപ്രജാ വൃന്ദങ്ങളെയഭേദമായ്
അന്നുമിന്നുമെന്നുംപോററും ഭവാൻ ഭഗവാൻ

ഇടരാക്കുമുളവാക്കും കൊടിയദാരിദ്ര്യബാധ
പിടിപെട്ടു കഷ്ടപ്പെടാനിടയാക്കാതെ

അടിയങ്ങൾക്കന്നംനിത്യം മടിയെന്യേനൾകുംതിരു-
വടിവടിവൊട്ടുളവി നെടുനാൾവാഴ്ക!

അന്നദാനമിനിയും മേലുന്നതിയെപ്രാപിപ്പാനും
നന്ദിയോടുമടിയങ്ങൾ നിത്യംവാഴ്ത്താനും

മന്നവൻസൌഖ്യമോടെന്നും മന്നിടംപാലിക്കുവാനും
ഇന്ദിന്ദിരവിഗ്രഹനനുഗ്രഹിക്കട്ടെ!

പഞ്ഞംപെട്ടുജനങ്ങൾതൻ നെഞ്ഞംപൊട്ടികരഞ്ഞെങ്ങും
കഞ്ഞിപ്പട്ടിണികിടപ്പാനിടയാക്കാതെ

കഞ്ജനാഭഭക്തൻക്ഷാമ ഭഞ്ജനൻഭാസുരരൂപൻ
കഞ്ഞിപ്പുരകളുമൊക്കെപ്പരിഷ്കരിച്ചു

ഈവണ്ണമഗതികടെ യാവശ്യങ്ങളറിഞ്ഞൊക്കെ
കൈവരുത്തും കാണംദൈവം കൈവണങ്ങുന്നേൻ.

ഭുവിന്നധീശനായിന്നും മേവട്ടേവത്സരംന്തൂറി-
പ്പാവപ്പെട്ടജനങ്ങളെ ബ്ഭരിപ്പാനായി.

സർവസാധുജനങ്ങളു മുർവീശപരമേവംവാഴ്ത്തി
സർവാണിവാങ്ങുവാനായി സരസംപോയി

സർവാണിക്കചിലവായ ദ്രവ്യമിത്രമാത്രമെന്നു
ദർവീകരവരൻപോലും ചെവ്വോടോതീട॥

വാട്ടംതെല്ലും വാക്കിനില്ലാതേററംതുള്ളലുമുള്ളവർ
ഓട്ടംതുള്ളൽ തുള്ളിയുള്ളം രസിപ്പിച്ചാക്കും

ഊട്ടുപുരവാതിലന്നു പൂട്ടിയതേയില്ലിങ്ങന്യ-
നാട്ടിൽനിന്നുംവന്നവിപ്ര ശ്രേഷ്ഠരോടാണോ

താപത്രയങ്ങളാൽപോലു മാപത്തെത്തിടാതെവഞ്ചി
ഭൂപരിത്രാണനംചെയ്യും ഭൂപരത്നത്തെ

സ്വാപത്തിലു നിത്യംകാത്തുകാമത്തെത്തൻകൈവരുത്ത൯
ശ്രീപത്തുകൾ പണിയുന്നേൻ ശ്രീപത്മനാഭ॥

ഗോവിപ്രസാധുപാലനം ഭൂവിലിന്നുംചെയ്തുസർവ-
ശ്രീവളൎന്നുവിളങ്ങേണം ശ്രീവഞ്ചിഭൂപൻ

ഭൂവൃത്തവൈരിതന്നുടെ ഭാവിശ്രേയസ്സിനായെന്നും
ത്രൈവിക്രമൻകൃപയോടും തൃക്കൺപാർക്കട്ടെ

കൂടട്ടേഗുണങ്ങൾനൃപ നേരട്ടേദീർഘായുസ്സൌഖ്യം
പാടട്ടേപാട്ടുകളായിപ്പാവനകഥാ

നേടട്ടേനിഖിലാർത്ഥങ്ങൾ പാറട്ടേകീർത്തിപതാക
ആടട്ടേനാടകമായിട്ടീചൈത്രമഹം

തേടട്ടേജനതാക്ഷേമം തീരട്ടേസങ്കടം നാട്ടിൽ
വാടട്ടേദുർജ്ജനചിത്തം വാദമില്ലിതിൽ

ഓടട്ടേദാരിദ്ര്യദുഃഖം കേറട്ടേഭൂതിയുംഭൂവിൽ
ഊറട്ടേകാരുണ്യം നമ്മിൽപത്മനാഭസ്വം.

ഉത്രാടനക്ഷത്രജാതൻ ഉത്തമഗുണസ്വഭാവൻ
തത്വസാരകാര്യബോധൻ ലീലാവിനോദൻ

ഭൃത്യജനപരിപാലൻ പത്മനാഭപാദലോലൻ
നിത്യധർമ്മദാനശീലൻ ദീനാനുകൂലൻ

ശ്രീബാലരാമാനുജാതൻ ശ്രീബലസഹജസൗമ്യൻ
ശ്രീമാർത്താണ്ഡവർമ്മാഭിധൻ ധീമതാംവരൻ

വിദ്യാബ്ധിപാരംഗതനായ് വിദ്യോതഭാഗഭാക്കായി
സദ്യോവിളങ്ങുവാൻദൈവം സഹായിക്കട്ടെ.

ഇളമുറസ്ഥാനത്തിരുന്നിളാതലംഭരിക്കും ശ്രീ-
വിളയാട്ടുംകളേബരൻ കാരുണ്യരാശി

അഗതിയാമടിയനെ അലിവോടു രക്ഷിക്കേണം
അടിതാരിണതൊഴുന്നേൻ അളവില്ലാതെ

ശ്രീമൂലതാരകാസവ് ശ്രീയുതമവതരിച്ച
ശ്രീമതി, ധീമതി, നീതി ബോധിതാ, സതീ,

ശ്രീമൂലനിലയനമാം ശ്രീവഞ്ചിവസുധാധിപ
ശ്രീമാതാമഹതിജനമാതൃകീർത്താ

സീമാതീതഗുണാലയ സോമബിംബസമാനനാ
സാമദാനാദ്യുപായജ്ഞാ ശോഭനശീലാ

ദാമോദരപാദഭക്തിധാമാധാർമ്മികഗുണാഢ്യാ
കാമിതദായിനി കാമധേനുസമാനാ

പാലാഴിയിൽ പള്ളികൊള്ളും പാലനപരായണൻ താൻ
കാലരൂപനായതെന്നു കരുതിയാലും

കാലത്തിനൊത്തിടുംകോല മാലംബിച്ചുമതിയായു
ചാലനചക്രാകൃതിയുമാണെല്ലോകാലം

വേലയൊന്നുമാരുമെങ്ങും ചാലേചെയ്തീടാതെയെല്ലാം
രൂപാന്തരംവരുത്തുന്ന ശക്തിയാണത്

കാലരൂപീഭഗവാന്റെ ലീലയെല്ലാംഫലിപ്പാൻ ഭൂത-
ജാലത്തിനാവതല്ലെന്നു മായത്തുകൊണ്ടു
കാലദേശാവസ്ഥാദികളാലോകനം ചെയ്തു രാജ്യ-
പാലനംചെയ്യണമെന്നു ബാലഭൂപനെ
കാലേക്കൂട്ടിബോധിപ്പിച്ചു കാലോചിതകാര്യങ്ങളെ
ആലോചിച്ചനുഷ്ഠിപ്പിച്ചാൾ മംഗലശീലാ
പാരമ്പര്യരീത്യാനഘരാരുംപ്രവേശിക്കാത്തുള്ള
പാരംപ്രധാനത്വമാർന്ന ക്ഷേത്രങ്ങൾതോറും
ആരുംപ്രവേശിപ്പിനെന്നഗീരൻപോടരുളിച്ചെയ്തു-
ഓർത്തോരുമ്പോഴെത്രയോസാര കാര്യമുണ്ടതിൽ.
ജംഗമാജംഗമങ്ങളിലങ്ങുജീവനായ്‌വിളങ്ങും
മംഗലരൂപൻഭേദമെങ്ങിനെയുണ്ടാം?
തുംഗം, അല്പം, ശ്രേഷ്ഠം, നിന്ദ്യം, എന്നിവയാത്മാവിനില്ലെ-
ന്നിങ്ങുതിരുവുള്ളിലോർത്തിട്ടങ്ങിനെ ചെയ്തു.
ആരണരും, ചണ്ഡാലരും, ഗോക്കൾ, ശ്വാക്കൾ, ദ്വിജങ്ങളും,
കാരണപൂരുഷനെല്ലാം തുല്യമാകയാൽ
ആരെവിടെക്കേറിയാലും കാര്യമൊന്നുമില്ലായെന്ന
സാരമാരുമോരുവാനായ് നേരിനെക്കാട്ടി
മാതാവിനുമക്കളെല്ലാമേതുകൊണ്ടുംതുല്യരാണി-
ഭൂതലവാസികൾക്കു താൻ മാതാവല്ലയോ?
ചേതനയിലോർത്തീവണ്ണം നീതിനടത്തിച്ചാളുന്ന-
“നീതനായനന്ദന” നാലിന്ദിരാസമാ.
ഇംഗിതാനുസരണമാം സംഗതികൾ സാധിപ്പിച്ചു
തിങ്ങിനമോദം ജനങ്ങൾക്കങ്ങുദിപ്പിച്ചു

തുംഗാനുമോദിനീസർവ മംഗലയാം മഹാറാണി
പൊങ്ങുംപുകൾ സംഗതമായ് വിളങ്ങീടട്ടേ.

നൂറിലുമേറിയകൊല്ലം കൂറിയന്നുതിരുവിതാം-
കൂറുഭരിച്ചീപ്രജകൾക്കാനന്ദമേകാൻ

കാറൊളിവർണ്ണനാംകണ്ണൻ പാരം പ്രസാദിപ്പാൻപാദ-
താരിണപണിയുന്നേൻഞാനാദരവോടേ.

അംബുജാതനാഭപാദം ചെമ്മേഭജിച്ചരുളുന്ന
ഇമ്മഹിലോകമാതാവാം അമ്മതമ്പുരാൻ

തന്മഹിതകൃപയെന്നു മിങ്ങടിയനിലുണ്ടാവാൻ
പൊന്മലരടികൾതാണു വണങ്ങുന്നിതാ.

ഭക്തനായകുചേലനു ഭുക്തിയും മുക്തിയും നൾകി
സക്തിയോടുസൽക്കരിച്ച ഭക്താധിവാസാ!

രക്തപത്മപാദേയനുരക്തമാരാം രാജ്ഞികളെ
ഭക്തദാസാപാലിക്കുവാൻ നിത്യവുംതൊഴാം.

ഇമ്മഹീവാസികൾക്കുപൊന്നമ്മമാരായ്‌വിളങ്ങുന്ന
ധർമ്മദാനശീലമാരാം തിരുമേനികൾ

നന്മയോടു ചിരകാലം ഇമ്മഹീതലേവസിപ്പാൻ
അംബുജദളായതാക്ഷൻ കടാക്ഷിക്കട്ടെ.

കോയിത്തമ്പുരാക്കന്മാരുമായുരാരോഗ്യാദിസൌഖ്യ-
ശ്രീയുതംവാഴ്‌വാൻതുണയ്ക്ക ശ്രീപത്മനാഭൻ.

റാണിമാരും തൻപ്രിയരും ഏഴയാകുമടിയനെ
ത്രാണനംചെയ്യാനടികൾ താണിതാതൊഴാം.

സന്താനശാഖിയാംഭൂപ പൊൻതാരടിപണിയുന്നേൻ
സന്താപംതീർത്തടിയനെ രക്ഷിക്കമേലും.

നിൻതാരടി സേവകനെ നിത്യവും പാലിപ്പാൻഭവൽ
ചെന്താരടി പണിയുന്നേൻ ശ്രീപത്മനാഭാ.

ശ്രീചിത്രമന്നവൻ തൻെറ സീമാതീതഗുണസ്തോമ
ശ്രീമയമലരിലല്പമഹമിരുത്തു്

ശ്രീമാല്യമൊന്നിദംതീൎത്തനീമാല്യപരിമളത്തെ
ശ്രീമാന്മാരാസ്വദിച്ചെന്നും മൌലൌചേക്കട്ടെ.

എന്നും വാടാതെവിളങ്ങും ധന്യമായോരീമാലയെ
നന്ദിയോടാബാലവൃദ്ധമണിഞ്ഞീടട്ടെ.

എന്നാലെൻസാഹസഫലം വന്നുകൂട്ടമതിനായി
നന്ദസൂനുവും നൃപനും ഇന്നുതകട്ടെ.

ഈവിശിഷ്ടവൃത്താന്തം ഞാനേവമുരച്ചിതിലുള്ള
പാഴ്‌വീഴ്ചകൾതീൎത്തുവിദഗ്ദ്ധജനംതുണയ്ക്ക.

ശ്രീവഞ്ചീശനുളവാകും ഭാവിശ്രേയസ്സും പുകഴ്ത്താൻ
ദേവദേവൻ വാസുദേവൻ ദേഹിമേ ശുഭം.

ശുഭമസ്തു.

SRI KRISHNAVILASAM READING ROOM

SRI KRISHNAVILASAM READING ROOM * MALAYIN...

# ചിത്രോത്സവം

(വഞ്ചിപ്പാട്ട്)

2273
F 381
E 381
SRI KRISHNAVILASAM READING ...
MALAYINKEEZHU

കെ. നീലകണ്ഠപ്പിള്ള.